പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2679 — 19/02/2016 ൽ മറുപടിക്ക്

## നേമം മണ്ഡലത്തിലെ റീസർവ്വേ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജക മണ്ഡലത്തിലെ എത്ര വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്; അവ ഏതൊക്കെ; വെളിപ്പെടുത്താമോ; | (എ) നേമം നിയോജക മണ്ഡലത്തിൽ ശാസ്തമംഗലം, തിരുമല, തൈയ്ക്കാട്, മണക്കാട്, നേമം, തിരുവല്ലം എന്നീ 6 വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) റീസർവ്വേ നടപടികൾ പൂർത്തിയാകാനുള്ള നേമം നിയോജക മണ്ഡലത്തിലെ വില്ലേജുകളിൽ ആയത് എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ? | (ബി) നേമം നിയോജക മണ്ഡലത്തിലെ മുട്ടത്തറ വില്ലേജിന്റെ റീസർവ്വേ പൂർത്തിയാക്കാനുണ്ട്. 31/10/2012 ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) 409/2012/റവന്യൂ പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മുട്ടത്തറ വില്ലേജിലെ പുറമ്പോക്ക് ഭൂമിയുടെ റീസർവ്വേ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ